# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2018　　　　10.10.2011-ൽ മറുപടിയ്ക്ക്**

## ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ : | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിൽ അധികാരികളുടെ അനാസ്ഥമൂലം രോഗികൾ മരണപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പരാതികളെപ്പറ്റി അന്വേഷിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 11.01.2010-ൽ രണ്ട് വയസ്സുള്ള അയിഷ എന്ന കുട്ടി ആശുപത്രി അധികൃതരുടെ അനാസ്ഥമൂലം മരണപ്പെട്ടതായി കുട്ടിയുടെ പിതാവ് ശ്രീ.നവാസ് പരാതി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം നടത്തുകയും തുടർന്ന് ഉത്തരവാദിയായ ഡോക്ടറെ സർവ്വീസിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധമായ കേസ് ഇപ്പോൾ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നടന്നുവരുന്നു. |
| (ബി) വണ്ടാനം മെഡിക്കൽ കോളേജിൽ നിലവിലെ പ്രിൻസിപ്പൽ ചാർജ്ജെടുത്തശേഷം എത്ര തവണ ആശുപത്രി സന്ദർശിച്ച് പരിശോധന നടത്തിയെന്നും ആശുപത്രി പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് രേഖാമൂലം നൽകിയിട്ടുള്ളതെന്നും ആശുപത്രി രേഖകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ; നിയമ പ്രകാരമുള്ള സന്ദർശനവും ആശുപത്രി പ്രവർത്തന പരിശോധനയും നടത്തിയിട്ടില്ലെങ്കിൽ അന്വേഷിച്ച് നടപടി സ്വീകരിക്കുമോ; | (ബി) പ്രിൻസിപ്പൽ ആഴ്ചയിൽ കുറഞ്ഞത് രണ്ട് പ്രാവശ്യം വീതം ആശുപത്രി സന്ദർശിക്കുകയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. |
| (സി) ഇപ്പോഴത്തെ പ്രിൻസിപ്പലിന്റെ പ്രവർത്തനത്തിൽ ആശുപത്രി സ്റ്റാഫിനും പൊതുജനങ്ങൾക്കും മതിപ്പില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ മാറ്റി കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്ന മറ്റൊരാളെ പ്രിൻസിപ്പലായി നിയമിക്കണമെന്ന് ആവശ്യപ്പെട്ട് അമ്പലപ്പുഴ എം.എൽ.എ. കത്ത് നൽകിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | (സി) പ്രിൻസിപ്പലിന്റെ പ്രവർത്തനത്തിൽ ആശുപത്രി സ്റ്റാഫിനും പൊതുജനങ്ങൾക്കും മതിപ്പില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എം.എൽ.എ. യുടെ കത്ത് ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ